4674
30/10/18

വിവര പൊതുജന സമ്പർക്ക വകുപ്പ്

നം. 29/ഇ2/2017/ഐ&പി.ആർ.ഡി.

തിരുവനന്തപുരം
തീയതി: 26.10.2018

## സർക്കുലർ

വിഷയം :-വിവര പൊതുജന സമ്പർക്ക വകുപ്പ് - ജില്ലകളിൽ ഫോട്ടോകവറേജ് നടത്തുന്നതിന് ഫോട്ടോഗ്രാഫർമാരുടെ പാനൽ തയ്യാറാക്കുന്നത് സംബന്ധിച്ച്.

സൂചന :- 01.06.2018 ലെ യോഗതീരുമാനം.

ജില്ലകളിൽ ഫോട്ടോകവറേജ് നടത്തുന്നതിന് ഫോട്ടോഗ്രാഫർമാരുടെ പാനൽ തയ്യാറാക്കുന്നതിനായി വിവര പൊതുജന സമ്പർക്ക വകുപ്പ് അഡീഷണൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 01.06.2018 ൽ ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പാനൽ തയ്യാറാക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സർക്കുലർ പുറപ്പെടുവിക്കുന്നു.

1. ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ കരാർ അടിസ്ഥാനത്തിൽ ഫോട്ടോഗ്രാഫർമാരെ നിയമിക്കുന്നതിന് പകരം ഓരോ താലൂക്കിൽ നിന്നും പ്രതിനിധികളെ ഉൾപ്പെടുത്തി ജില്ലാ അടിസ്ഥാനത്തിൽ അഞ്ചുപേരടങ്ങുന്ന ഫോട്ടോഗ്രാഫർമാരുടെ ഒരു പാനൽ അതാതു മേഖലാ ഡെപ്യൂട്ടി ഡയറക്ടർ തയ്യാറാക്കേണ്ടതാണ്.

2. ഫോട്ടോഗ്രാഫർമാരുടെ പാനലിനെ തെരഞ്ഞെടുക്കാനായി അതാതു മേഖല ഡെപ്യൂട്ടി ഡയറക്ടർ ചെയർമാനും, ചീഫ് ഫോട്ടോഗ്രാഫർ/ജില്ലയിലെ പി.ആർ.ഡി. ഫോട്ടോഗ്രാഫർ അല്ലെങ്കിൽ ഒരു പ്രതിനിധി, ജില്ലയിലെ ഇൻഫർമേഷൻ ഓഫീസർ, ജില്ലയിലെ പോലീസ് ഫോട്ടോഗ്രാഫർ എന്നിവർ അംഗങ്ങളുമായി ഓരോ ജില്ലക്കും ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. പ്രസ്തുത കമ്മിറ്റിയുടെ രൂപീകരണ ചുമതല അതാതു മേഖല ഡെപ്യൂട്ടി ഡയറക്ടർക്കായിരിക്കും.

3. പാനലിന്റെ അംഗീകാരം സംബന്ധിച്ച അന്തിമതീരുമാനം ഡയറക്ടറുടേതായിരിക്കും.

4. കരാർ ഒപ്പിടുന്നതു മുതൽ രണ്ട് വർഷത്തേക്കായിരിക്കും പാനലിന്റേയും അംഗങ്ങളുടേയും കാലാവധി. പുതിയ പാനൽ നിലവിൽ വരുന്നതുവരെ പാനലിന്റെ കാലാവധി നീട്ടുന്നതു സംബന്ധിച്ച അന്തിമ തീരുമാനം ഡയറക്ടറുടേതായിരിക്കും.

5. പാനൽ തയ്യാറാക്കുമ്പോൾ വിവര പൊതുജന സമ്പർക്ക വകുപ്പിൽ കരാർ ഫോട്ടോഗ്രാഫർമാരായി സേവനമനുഷ്ഠിച്ചിട്ടുള്ളവർക്കും പത്രസ്ഥാപനങ്ങളിൽ ഫോട്ടോഗ്രാഫറായി സേവനമനുഷ്ഠിച്ചിട്ടുള്ളവർക്കും മുൻഗണന ഉണ്ടായിരിക്കും.

6. ഫോട്ടോഗ്രാഫർമാർ ഡിജിറ്റൽ ക്യാമറ, ഫ്ലാഷ്, ലെൻസ് എന്നിവ ഉപയോഗിച്ച് ഹൈ റസല്യൂഷൻ ചിത്രങ്ങൾ എടുക്കാൻ കഴിവുള്ളവരായിരിക്കണം. വൈ-ഫൈ സംവിധാനമുള്ള ക്യാമറകൾ കൈവശമുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കും.

7. പത്രങ്ങൾക്ക് നൽകുന്നതിന് പുറമെ എക്സിബിഷൻ ആവശ്യത്തിനായി ഹൈ റെസല്യൂഷൻ ചിത്രങ്ങളും ഫോട്ടോഗ്രാഫർമാർ ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

8. കവറേജ് നടത്തുന്ന സ്ഥലം ഓഫീസിൽനിന്നും അൻപതോ അതിൽ കൂടുതലോ കിലോമീറ്റർ അകലെയാണെങ്കിൽ ലാപ് ടോപ്പ് ഇന്റർനെറ്റ് വഴി പടം അയയ്ക്കുവാനുള്ള സൗകര്യവും ഫോട്ടോഗ്രാഫർക്ക് ഉണ്ടായിരിക്കണം.

9. ഒരു കവറേജിന് 700/- രൂപ ആയിരിക്കും പ്രതിഫലം. ഒരു സ്ഥലത്ത് വിവിധ പദ്ധതികളുടെ ഉദ്ഘാടനം നടന്നാലും ഒരു കവറേജിനു മാത്രമേ പ്രതിഫലം ലഭിക്കുകയുള്ളൂ.

10. ഒരു പരിപാടിക്കുവേണ്ടി 50 കിലോമീറ്ററിലധികം യാത്രചെയ്യുന്ന ഫോട്ടോഗ്രാഫർ ചെലവഴിക്കുന്ന സമയം മൂന്ന് മണിക്കൂറിൽ അധികമായാൽ 200/- രൂപയും ആറ് മണിക്കൂറിൽ അധികമായാൽ 400/- രൂപയും അധികമായി നൽകുന്നതാണ്. പരിപാടി തുടങ്ങിയതു മുതൽ അവസാനിക്കുന്നത് വരെയുള്ള സമയം കൃത്യമായി ജില്ലാ ഇൻഫർമേഷൻ ഓഫീസർ വിലയിരുത്തേണ്ടതാണ്.

11. എടുത്ത ചിത്രങ്ങളുടെ സോഫ്റ്റ് കോപ്പി, പരിപാടിയുടെ വിവരങ്ങൾ എന്നിവ ബില്ലുകൾ സഹിതം ജില്ലാ ഇൻഫർമേഷൻ ഓഫീസർ കൈപ്പറ്റിക്കഴിഞ്ഞതിനു ശേഷംമാത്രം ഫോട്ടോഗ്രാഫർക്ക് പ്രതിഫലം നൽകേണ്ടതാണ്.

12. പാനലിൽ ലിസ്റ്റ് ചെയ്യപ്പെടുന്നവർക്ക് വകുപ്പുതല പരിശീലനം നൽകാവുന്നതാണ്.

13. ഓരോ മാസവും ബില്ലുകൾ സമർപ്പിക്കുമ്പോൾ റിലീസ് ചെയ്ത ഫോട്ടോകൾക്കു മാത്രമായിരിക്കും പ്രതിഫലം. ഉയർന്ന ക്വാളിറ്റിയിലുള്ള ഫോട്ടോകൾ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ജില്ലാ ഇൻഫർമേഷൻ ഓഫീസറുടെ ഉത്തരവ് പ്രകാരം എടുക്കുന്ന ചിത്രങ്ങൾക്കും ബില്ലുകൾ സമർപ്പിക്കാവുന്നതാണ്.

14. എല്ലാ ജില്ലകളും ചിത്രങ്ങൾക്ക് തുടർച്ചയായ നമ്പർ, ഡേറ്റ്, അടിക്കുറിപ്പ് എന്നിവ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഈ ചിത്രങ്ങൾ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

15. കൃത്യസമയത്ത് കവറേജ് നടത്തുവാൻ കഴിയാത്തവരെയും, ക്വാളിറ്റി നിലനിർത്താൻ കഴിയാത്തവരെയും പാനലിൽ നിന്നും ഒഴിവാക്കുന്നതാണ്.

16. ഈ സാമ്പത്തിക വർഷം പാനൽ നിലവിൽ വരുന്ന തീയതി വരെ ഓരോ ജില്ലകളിലേയും നിലവിലുള്ള കരാർ ഫോട്ടോഗ്രാഫർമാർക്ക് തുടർച്ചാനുമതി ഉണ്ടായിരിക്കുന്നതാണ്.

2. ജില്ലകളിൽ ഫോട്ടോകവറേജ് നടത്തുന്നതിന് ഫോട്ടോഗ്രാഫർമാരുടെ പാനൽ തയ്യാറാക്കുന്നത് സംബന്ധിച്ച സർക്കുലറിലെ നിർദ്ദേശങ്ങൾ എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരും/ജില്ലാ ഇൻഫർമേഷൻ ഓഫീസർമാരും കൃത്യമായി പാലിക്കേണ്ടതാണ്.

സുഭാഷ് ടി.വി.
ഡയറക്ടർ

എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും.
ഡെപ്യൂട്ടി ഡയറക്ടർ (എം.ആർ)/ഡെപ്യൂട്ടി ഡയറക്ടർ (വി.സി)/ഡെപ്യൂട്ടി ഡയറക്ടർ (എഫ്.പി)
ഡെപ്യൂട്ടി സെക്രട്ടറി, ഐ&പി.ആർ.ഡി.
അക്കൗണ്ട്സ് ഓഫീസർ
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ചീഫ് ഫോട്ടോഗ്രാഫർ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ